# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 4271

25.06.2014 ലെ മറുപടിക്ക്

### ദ് സ്പൈസ് റൂട്ട് ഹെറിറ്റേജ് പ്രോജക്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ. എ.പി.അനിൽകുമാർ (ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| എ) | സർക്കാർ ദ് സ്പൈസ് റൂട്ട് ഹെറിറ്റേജ് പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ; | എ) | സ്പൈസ് റൂട്ട് ഹെറിറ്റേജ് പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. പരസ്യ പ്രചാരണത്തിന്റെ ഭാഗമായി Spice Route Brochure പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| ബി) | ഈ പ്രോജക്ട് സംബന്ധിച്ച് സർക്കാരിന്റെ മുൻപാകെയുള്ള പഠനറിപ്പോർട്ടുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ; | ബി) | പദ്ധതി രൂപീകരണം പ്രാരംഭ ദിശയിലായതിനാൽ പഠന റിപ്പോർട്ടുകൾ പരിശോധിച്ചുവരുന്നു. |
| സി) | 'സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്' ഈ മേഖലയിൽ നടത്തിയ പഠനങ്ങളും നിരീക്ഷണങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | സി) | സ്പൈസ് റൂട്ട് ഹെറിറ്റേജ് പ്രോജക്ടുമായി ബന്ധപ്പെട്ട് സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് പഠനങ്ങളോ നിരീക്ഷണങ്ങളോ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | ഈ സംരംഭവുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ; | ഡി) | ഡി.പി.ആർ തയ്യാറാക്കിയിട്ടില്ല. |
| ഇ) | ഈ പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നതിന്റെ വിശദാംശം വ്യക്തമാക്കാമോ; പദ്ധതികൾ | ഇ) | ഈ പദ്ധതിയിൽ താഴെപറയുന്ന കാര്യങ്ങൾ നടപ്പാക്കാൻ ലക്ഷ്യമിടുന്നു:<br>• പുരാതന കാലത്ത് വ്യാപാര ബന്ധം |

(..........2)

എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ;

പുലർത്തിയിരുന്ന ഏഷ്യ, ഫാർ ഈസ്റ്റ് ആഫ്രിക്ക, യൂറോപ്പ് എന്നിവിടങ്ങളിലെ 31-ഓളം രാജ്യങ്ങളെ ബന്ധിപ്പിച്ചു-കൊണ്ട് പുരാതന ട്രേഡ് റൂട്ട് പുനരുദ്ധാരണ പദ്ധതിയിലൂടെ ടി രാജ്യങ്ങളുമായുള്ള വ്യാപാര ബന്ധം മെച്ചപ്പെടുത്തുക, സാംസ്കാരികവും ചരിത്രപരവുമായ ബന്ധം വിപുലീകരിക്കുക.

- സ്പൈസ് റൂട്ടിൽ ഉൾപ്പെടുന്ന രാജ്യങ്ങളിലെ പൈതൃക നഗരങ്ങളുടേയും കേന്ദ്രങ്ങളുടേയും സംരക്ഷണവും പ്രോത്സാഹനവും.
- ഈ പാത കടന്നുപോകുന്ന പ്രദേശങ്ങളിൽ സ്പൈസ് റൂട്ടിനെ സമാധാനത്തിന്റെ മാധ്യമമായി രൂപപ്പെടുത്തുക.
- ആഗോള സഞ്ചാരികൾക്കായി ഒരു പുതിയ സഞ്ചാര കേന്ദ്രം സൃഷ്ടിക്കുക.
- സിൽക്ക് റോഡ് പ്രോജക്ടുമായി സഹകരിച്ച് പുതിയ സഞ്ചാര കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിൽ പങ്കാളിയാകുക.
- സ്പൈസ് റൂട്ട് പ്രചാരത്തിന്റെ ഭാഗമായി സ്പൈസ് റൂട്ടിൽ ഉൾപ്പെടുന്ന രാജ്യങ്ങളിലെ പ്രതിനിധികളുടെ സമ്മേളനം കേരളത്തിലും സംഘടിപ്പിക്കുക. ആഗോള തലത്തിൽ സ്പൈസ് റൂട്ട് ടൂറുകൾ വലിയ തോതിൽ പ്രോത്സാഹിപ്പിക്കുക.

പദ്ധതി പ്രാരംഭദിശയിൽ ആയതിനാൽ എപ്പോൾ പൂർത്തീകരിക്കുമെന്ന് ഇപ്പോൾ പറയാനാവില്ല.

(..........3)

| | | | |
|---|---|---|---|
| എഫ്) | പന്തലായനി സ്പൈസ് റൂട്ട് പ്രോജക്ടിന്റെ ആശയസ്വരൂപണത്തിന് സഹകരിക്കുകയോ സേവനം നടത്തുകയോ ചെയ്തിട്ടുള്ള വിദഗ്ദ്ധരുടെ പേരുവിവരം, വിലാസം എന്നിവ വ്യക്തമാക്കാമോ; | എഫ്) ഉം ജി) യും | ടൂറിസം വകുപ്പ് ഇങ്ങനെ ഒരു പദ്ധതി രൂപപ്പെടുത്തിയിട്ടില്ല. |
| ജി) | ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച സർക്കാർ / സർക്കാരിതര ഏജൻസികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | | |
| എച്ച്) | ഈ പദ്ധതിയ്ക്ക് മൊത്തം എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും പദ്ധതിയ്ക്ക് തുടക്കമിട്ടത് ഏത് സർക്കാരിന്റെ കാലത്താണെന്നും വിശദമാക്കാമോ ? | എച്ച്) | സ്പൈസ് റൂട്ട് ഹെറിറ്റേജ് പ്രോജക്ട്, തലശ്ശേരി പൈതൃക പദ്ധതി, മുസിരീസ് ഹെറിറ്റേജ് പ്രോജക്ട് എന്നീ പദ്ധതികൾക്കായി 2014-15 സാമ്പത്തിക വർഷത്തിൽ 18 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്താണ് പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചത്. |

**സെക്ഷൻ ഓഫീസർ**